ഉത്തരം

വ്യാജചാരായ വില്പന സംബന്ധിച്ച് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	508
കൊല്ലം	-	857
പത്തനംതിട്ട	-	355
ആലപ്പുഴ	-	500
കോട്ടയം	-	46
ഇടുക്കി	-	105
എറണാകുളം	-	58
തൃശ്ശൂർ	-	229
പാലക്കാട്	-	170
മലപ്പുറം	-	189
കോഴിക്കോട്	-	189
വയനാട്	-	136
കണ്ണൂർ	-	274
കാസർഗോഡ്	-	164
ആകെ		3780 കേസുകൾ

പോലീസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് വരുന്നു.

പന്തളത്ത് എക്സൈസ് റെയിഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി

37 (3246) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജവാറ്റ് ശക്തമായി നേരിടുന്നതിന് പന്തളത്ത് ഒരു എക്സൈസ് റെയിഞ്ച് ഓഫീസ് വേണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു :

(ബി) പന്തളം പ്രദേശത്തെ കരിങ്ങാലി പമ്പയുടെ തീരങ്ങളിൽ വ്യാപകമായി കള്ളവാറ്റ് നടക്കുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ശബരിമലയുടെ മൂലസ്ഥലമെന്ന നിലയിൽ പന്തളത്ത് അടിയന്തരമായി ഒരു എക്സൈസ് റെയിഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പന്തളത്ത് പുതിയ എക്സൈസ് റെയിഞ്ച് ഓഫീസ് സ്ഥാപിക്കുവാൻ സർക്കാർ നടപടികൾ ഒന്നും എടുത്തിട്ടില്ല.

(ബി) കരിങ്ങാലി പ്രദേശത്തെ കള്ളവാറ്റ് തടയുവാനായി ശക്തമായ റെയ്ഡുകൾ നടത്തിവരുന്നുണ്ട്.

(സി) ഇപ്പോൾ നിർദ്ദേശങ്ങളൊന്നും പരിഗണനയിൽ ഇല്ല.

വാറ്റ് സംബന്ധമായി സർക്കാരിന് ലഭിച്ച നിവേദനം

38 (3247) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'വാറ്റ്' (VAT) സംബന്ധമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കേരള ബ്രാഞ്ചിൽ നിന്നും സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ :

(സി) പ്രസ്തുത നിവേദനത്തിനുമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോക്ടർമാർ ചികിത്സയുടെ ഭാഗമായി നൽകുന്ന മരുന്നുകളെ വില്പന നികുതിയിൽ നിന്നും വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് നിവേദനത്തിന്റെ സാരാംശം. ആശുപത്രികളെ രജിസ്ട്രേഷൻ എടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നാണ് മറ്റൊരു ആവശ്യം.

(സി) പ്രസ്തുത നിവേദനത്തിലെ ആവശ്യം നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാകയാൽ അംഗീകരിക്കാൻ കഴിയാത്തതാണ്. ചികിത്സയുടെ ഭാഗമായി കുറിപ്പടിസ്വഭാവത്തിലല്ലാതെ ഒരു ഡോക്ടർ നൽകുന്ന മരുന്നിന് നികുതി ഇപ്പോൾ തന്നെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഒരു ആശുപത്രിയിൽ ഡ്രഗ് ലൈസൻസ് എടുത്തു ഫാർമസിയിലൂടെ കൊടുക്കുന്ന മരുന്ന് വില്പനയുടെ നിർവചനത്തിൽ വരുകയും അത് നികുതി വിധേയവുമാണ് എന്നതിനാൽ ടി ആവശ്യം അംഗീകരിക്കുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly